അഗസ്ത്യകൂടത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ

1352. [2025] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ അഗസ്ത്യകൂടത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എത്ര രൂപ ചെലവാക്കി ;

(ബി) ഈ റോഡിന്റെ മൊത്തം നീളം എത്രയാണ് ;

(സി) ഏതൊക്കെ ഫോറസ്റ്റ് റെയിഞ്ചിന്റെ മേൽനോട്ടത്തിലാണ് പണികൾ നടന്നത് ;

(ഡി) ഓരോ റെയിഞ്ചിൽനിന്നും ഈ റോഡ് പണിയുന്നതിലേക്കായും അറ്റകുറ്റപ്പണികൾ നടത്തിയ വകയിലും ഉണ്ടായ ചെലവുകൾ പ്രത്യേകം വെളിപ്പെടുത്താമോ ;

(ഇ) ഈ റോഡിന്റെ ആവശ്യകത എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-86-ൽ അഗസ്ത്യകൂടത്തിലേക്കുള്ള നടപ്പാതയുടെ അറ്റകുറ്റപണികൾക്കായി 29,948.11 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) 24 കിലോമീറ്റർ.

(സി) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ മേൽനോട്ടത്തിലാണ് അഗസ്ത്യകൂടത്തിലേക്കുള്ള നടപ്പാതയുടെ പണികൾ നടത്തിയിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് വന-വന്യജീവി സംരക്ഷണത്തിനായും വിനോദസഞ്ചാരികൾക്ക് സഞ്ചരിക്കുന്നതിനും വേണ്ടിയാണ് ഈ റോഡ് നിർമ്മിച്ചിരിക്കുന്നത്.

ചോനാംപാറ കാണി സെറ്റിൽമെന്റിലേക്ക് റോഡുവെട്ടുന്നതിലേക്കായി വിട്ടുകൊടുത്ത വനം

1353. [2026] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കോട്ടൂർനിന്നും വനത്തിനുള്ളിലെ ചോനാംപാറ കാണി സെറ്റിൽമെന്റുവരെ റോഡ് വെട്ടുന്നതിലേക്കായി എത്ര ഏക്കർ വനം വിട്ടുകൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റോഡ് ആരാണ് നിർമ്മിച്ചത് ; ഈ റോഡിന്റെ ഉദ്ദേശം എന്തായിരുന്നു ; ഇതിനുവേണ്ടി മൊത്തം എത്ര രൂപ ചെലവായി ;

(സി) ഈ റോഡ് പണിയുവാൻ പ്രൊപ്പോസൽ കൊടുത്തതാരാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റോഡ് വെട്ടുന്നതിലേക്കായി വനഭൂമി ആർക്കും വിട്ടുകൊടുത്തിട്ടില്ല.

(ബി) കോട്ടൂർ നിന്നും മൂന്നാറുമുക്ക് വരെയുള്ള ഏകദേശം 2 കി. മീ. ദൂരം റോഡ് 1982-83-ൽ ഫോറസ്റ്റ് ഇൻജിനീയറിംഗ് വിഭാഗം നിർമ്മിച്ചു. ഇതിനുവേണ്ടി 3,99,230 രൂപ ചെലവായി. ഗിരിജനങ്ങളുടെ സൗകര്യാർത്ഥവും ഭരണപരമായ ആവശ്യം നിലനിറുത്തുന്നതിനു വേണ്ടിയുമാണ് ടി റോഡ് നിർമ്മിച്ചത്.

(സി) ഫോറസ്റ്റ് ഇൻജിനീയറിംഗ് വിഭാഗമാണ്.

പുരവിമല ഗവൺമെൻറ് ട്രൈബൽ സ്കൂളിന്റെ നിർമ്മാണം

1354. [2027] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) അംപൂരി പഞ്ചായത്തിലെ പുരവിമല ഗവൺമെൻറ് ട്രൈബൽ സ്കൂളിന്റെ നിർമ്മാണം പാറ പൊട്ടിക്കുന്നതിനുള്ള അനുവാദം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് നിരസിച്ചിരിക്കുന്നതിനാൽ തടസപ്പെട്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്കൂൾ കെട്ടിടത്തിനാവശ്യമായ പാറ പൊട്ടിക്കുന്നതിന് എത്രയും വേഗം അനുമതി കൊടുക്കുമോ ?

ഉത്തരം

(എ, ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനഭൂമിയിൽ നിന്ന് പാറ പൊട്ടിക്കുന്നതിന് കേന്ദ്രവനസംരക്ഷണ നിയമമനുസരിച്ച് കേന്ദ്രഗവൺമെൻറിന്റെ അനുവാദം ആവശ്യമാണ്. ഇതിനുള്ള നടപടികൾ എടുത്തുവരികയാണ്.

II അടിയന്തിരപ്രമേയം

ശൂരനാട് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട് പാറക്കടവ്, പുലിക്കുളം എന്നീ പ്രദേശങ്ങളിലെ സംഘട്ടനം

മി. ഡെപ്യൂട്ടി സ്പീക്കർ : ശൂരനാട് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട പാറക്കടവ്, പുലിക്കുളം എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സി. പി. ഐ., സി. പി. എം. പ്രവർത്തകർക്കെതിരെ ആർ. എസ്. എസ്. കാർ നടത്തിയ ഭീകരമായ ആക്രമണത്തിൽ ഇരുപതോളം പേർക്ക് പരിക്കേല്ക്കുകയും നിരവധി വീടുകളും കടകളും തകർക്കപ്പെടുകയും ചെയ്തതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ചചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തി വയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സർവ്വശ്രീ ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, കെ. ചന്ദ്രശേഖരൻ, സി. കെ. തങ്കപ്പൻ, കെ. ആർ. ചന്ദ്രമോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly